**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3749** **06-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ ഐ.റ്റി.ഐ. കളിൽ പുതിയ കെട്ടിടം ഉണ്ടായിട്ടും നാളിതുവരെ പുതിയ ട്രേഡ് ആരംഭിക്കാത്ത ഐ.റ്റി.ഐ. കൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ പുതിയ കെട്ടിടം ഉള്ള ഐ.ടി.ഐകളായ ആറ്റിപ്ര, വെട്ടിക്കവല, ഓച്ചിറ, പാതായ്ക്കര, കേരളാധീശ്വരപുരം, പാണ്ടിക്കാട്, ചെറുവണ്ണൂർ, എടത്തിരുത്തി എന്നീ ഐ.ടി.ഐ കളിൽ നാളിതുവരെ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടില്ല. പ്രസ്തുത ഐ.റ്റി.ഐ കളിലെല്ലാം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര ഐ.റ്റി.ഐ. കളിൽ പുതിയ ട്രേഡ് ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ എത്ര ഐ.റ്റി.ഐ. കളിൽ പോസ്റ്റ് ക്രിയേഷൻ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ഐ.റ്റി.ഐ.കളുടെ പേര് സഹിതം വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 5 വർഷത്തിനിടയിൽ 6 ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മര്യാപുരം, വർക്കല, പത്തനംതിട്ട ജില്ലയിലെ പന്തളം, തൃശ്ശൂർ ജില്ലയിലെ വി.ആർ.പുരം, പാലക്കാട് ജില്ലയിലെ മംഗലം, കോഴിക്കോട് ജില്ലയിലെ ഏലത്തൂർ എന്നീ 6 ഐ.ടി.ഐകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ പുതിയ ട്രേഡുകൾ ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഐ.റ്റി.ഐ കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ 48 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഐ.റ്റി.ഐ. കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ 5 വർഷത്തിനിടയിൽ 6 ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മര്യാപുരം, വർക്കല, പത്തനംതിട്ട ജില്ലയിലെ പന്തളം, തൃശ്ശൂർ ജില്ലയിലെ വി.ആർ.പുരം, പാലക്കാട് ജില്ലയിലെ മംഗലം, കോഴിക്കോട് ജില്ലയിലെ ഏലത്തൂർ എന്നീ 6 ഐ.ടി.ഐകളിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ പുതിയ ട്രേഡുകൾ ആരംഭിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഐ.റ്റി.ഐ കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ 48 |

| | | | |
|---|---|---|---|
| | | | തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. കളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ റ്റൂൾസ് ആൻഡ് എക്യുപ്മെന്റ് വാങ്ങാൻ എത്ര രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്; അനുവദിച്ച തുകയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വകുപ്പിന്റെ എത്ര ഐ.റ്റി.ഐ. കളിൽ പുതുക്കിയ സിലബസ് പ്രകാരമുള്ള റ്റൂൾസ് ആൻഡ് എക്യുപ്മെന്റ് നൂറ് ശതമാനവും ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ഡി) | റ്റൂൾസ് ആൻഡ് എക്യുപ്മെൻറസ് വാങ്ങാൻ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു. 100% റ്റൂൾസ് ആൻഡ് എക്യുപ്മെൻറസ് സംഭരിയ്ക്കപ്പെട്ടിട്ടുള്ള ഐ.റ്റി.ഐ കൾ വകുപ്പിന് കീഴിൽ നിലവിലില്ല. പരിശീലനാർത്ഥികൾ പ്രായോഗിക പരീക്ഷയ്ക്കും, പരിശീലനത്തിനും ടൂൾസ് നിരന്തരം ഉപയോഗിക്കുന്ന സാഹചര്യത്തിൽ 100% ലഭ്യത എന്നത് പ്രായോഗികമല്ല. എന്നാൽ വകുപ്പിൻറെ ഐ.ടി.ഐ കളിൽ പുതുക്കിയ സിലബസ് പ്രകാരമുള്ള റ്റൂൾസ് ആൻഡ് എക്യുപ്മെൻറ് സംഭരിയ്ക്കുന്നതിന് ബന്ധപ്പെട്ട മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർമാർ ലഭ്യമാക്കിയ ശുപാർശകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം. | ജില്ല | ഐ.റ്റി. ഐ യുടെ പേര് | കോഴ്സിന്റെ പേര് | തസ്തികയുടെ പേര് | ജി.ഒ/സർക്കാർ കത്തിന്റെ നം. |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | മര്യാപുരം | മെക്കാനിക് മോട്ടോർ വെഹിക്കിൾ, സർവ്വെയർ | ട്രെയിനിംഗ് ഇൻസ്ട്രക്ടർ – 4,<br>വർക് ഷോപ്പ് അറ്റൻഡർ – 2,<br>സീനിയർ ക്ലാർക്ക് -1,<br>എൽ.ഡി ക്ലാർക്ക് – 1,<br>ഓഫീസ് അറ്റൻഡൻറ് -1,<br>ഫുൾടൈം സ്വീപ്പർ – 1 | 23/08/2016 ലെ സ.ഉ(സാധാ) നം. 1187/2016/പജ.പവ.വിവ, 23/09/2016 ലെ സ.ഉ(സാധാ) നം. 1373/2016/പജ.പവ.വിവ എന്നിവ പ്രകാരം മര്യാപുരം, പന്തളം, ഏലത്തൂർ, മംഗലം എന്നീ ഐ.റ്റി.ഐകളിൽ അധ്യാപക/ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും സ്ഥിര നിയമനം നടത്താൻ വ്യവസ്ഥയില്ല. ട്രേഡ് ഇൻസ്ട്രക്ടർ, എ.സി.ഡി ഇൻസ്ട്രക്ടർ, വർക്ഷോപ്പ് അറ്റൻഡർ എന്നിവ ഒഴികെയുള്ള തസ്തികകളിൽ താൽക്കാലിക ക്രമീകരണം നടത്താനും ട്രേഡ് ഇൻസ്ട്രക്ടർ, എ.സി.ഡി ഇൻസ്ട്രക്ടർ, വർക്ഷോപ്പ് അറ്റൻഡർ എന്നീ തസ്തികകളിൽ ഗസ്റ്റ് അടിസ്ഥാനത്തിൽ നിയമിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| 2 | പത്തനംതിട്ട | പന്തളം ഐ.ടി.ഐ | ഇലക്ട്രീഷ്യൻ, മെക്കാനിക് മോട്ടോർ വെഹിക്കിൾ | ട്രെയിനിംഗ് ഇൻസ്ട്രക്ടർ – 4,<br>വർക്ഷോപ്പ് അറ്റൻഡർ – 2,<br>എൽ.ഡി ക്ലാർക്ക് – 2,<br>ഓഫീസ് അറ്റൻഡൻറ് -1,<br>സ്വീപ്പർ – 1 | |
| 3 | കോഴിക്കോട് | ഏലത്തൂർ | ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ | ട്രെയിനിംഗ് ഇൻസ്ട്രക്ടർ – 6,<br>എ.സി.ഡി ഇൻസ്ട്രക്ടർ – 1<br>വർക്ഷോപ്പ് അറ്റൻഡർ – 1,<br>എൽ.ഡി ക്ലാർക്ക് – 1,<br>അക്കൗണ്ടന്റ് – 1,<br>സ്റ്റോർ കീപ്പർ – 1,<br>മോട്ടോർഡ്രൈവിംഗ് ഇൻസ്ട്രക്ടർ-1, | |
| 4 | പാലക്കാട് | മംഗലം | സർവ്വെയർ | ട്രെയിനിംഗ് ഇൻസ്ട്രക്ടർ – 6,<br>എ.സി.ഡി ഇൻസ്ട്രക്ടർ – 1, | |

| | | | | | |
|---|---|---|---|---|---|
| | | | | വർക്ഷോപ്പ് അറ്റൻഡർ – 1,<br>യു.ഡി ക്ലാർക്ക് – 1,<br>എൽ.ഡി ക്ലാർക്ക് – 1,<br>സ്റ്റോർ കീപ്പർ – 1,<br>അക്കൗണ്ടൻറ് – 1,<br>ഓഫീസ് അറ്റൻഡൻറ് –1 | |
| 5 | തിരുവനന്തപുരം | വർക്കല | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | ട്രെയിനിംഗ് ഇൻസ്ട്രക്ടർ – 1 | 02/03/2015 ലെ സ.ഉ(സാധാ) നം.344/2015/പജ.പവ.വിവ പ്രകാരം ആർക്കിടെക്ചർ അസിസ്റ്റൻറ് ട്രേഡിന് അനുവദിച്ച ട്രെയിനിംഗ് ഇൻസ്ട്രക്ടർ തസ്തിക പുതുതായി അനുവദിച്ച ഡി/സിവിൽ ട്രേഡിൻറെ ട്രെയിനിംഗ് ഇൻസ്ട്രക്ടർ തസ്തിക ആയി ഷിഫ്റ്റ് ചെയ്തി ട്ടുണ്ട്. ദ്വിവത്സര കോഴ്സായ ഡി/സിവിൽ ട്രേഡിൻറെ രണ്ടാം വർഷത്തെ അധ്യയനം തടസ്സ പ്പെടാതിരിക്കാൻ ഒരു ട്രെയിനിംഗ് ഇൻസ്ട്രക്ടറെ താൽക്കാലികാ ടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ കത്ത് നമ്പർ എ 1/46/2018/ പജ.പവ.വിവ തീയതി: 14/06/2018 പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. |
| 6 | തൃശ്ശൂർ | വി.ആർ.പുരം | ഇലക്ട്രീഷ്യൻ | ട്രെയിനിംഗ് ഇൻസ്ട്രക്ടർ – 2 | 15/10/2016 ലെ സ.ഉ(സാധാ) നം. 1504/2016/പജ.പവ.വിവ പ്രകാരം രണ്ട് ട്രെയിനിംഗ് ഇൻസ്ട്രക്ടർ മാരെ (ഇലക്ട്രീഷ്യൻ) ഗസ്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുന്ന തിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

## അനുബന്ധം II

| ക്രമ നം. | അനുവദിച്ച തുക | ചെലവഴിച്ച തുക | ജി.ഒ നമ്പർ |
|---|---|---|---|
| 1 | 9,67,50,524/ രൂപ | 2,71,58,451/- രൂപ | സ.ഉ (സാധാ) നം. 1535/2017/പജ.പവ.വിവ തീയതി: 15/06/2017. |
| 2 | 34,60,132/ രൂപ | നടപടി സ്വീകരിച്ചു വരുന്നു. | സ.ഉ (സാധാ) നം. 1504/2016/പജ.പവ.വിവ തീയതി: 15/10/2016 |
| 3 | 10,42,938/ രൂപ | നടപടി സ്വീകരിച്ചു വരുന്നു. | സ.ഉ (സാധാ) നം. 996/2020/പജ.പവ.വിവ തീയതി: 02/12/2020 |